**പതിമൂന്നാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 2733

21.6.2012ൽ
മറുപടിയ്ക്ക്

## മാവേലി സ്റ്റോറുകളിലെ സാധനങ്ങളുടെ ദൗർലഭ്യം

ചോദ്യം

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ ;

ഉത്തരം

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽ സപ്ലൈസും
ഉപഭോക്തൃ സംരക്ഷണവും
രജിസ്ട്രേഷനും വകുപ്പ് മന്ത്രി)

മാവേലി സ്റ്റോറുകളിലെ നിത്യോപയോഗസാധനങ്ങളുടെ ദൗർലഭ്യം പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

മാവേലി സ്റ്റോറുകൾ ഉൾപ്പെടെയുള്ള വിപണന കേന്ദ്രങ്ങളിൽ ചില സാധനങ്ങൾ തൽക്കാലികമായി ലഭ്യമാകാതിരുന്നിട്ടുണ്ട്. എന്നാൽ നിത്യോപയോഗ സാധനങ്ങളുടെ ദൗർലഭ്യം പൂർണ്ണമായി ഒഴിവാക്കാൻ ആവശ്യമായ എല്ലാ നടപടികളും എടുത്തിട്ടുണ്ട്. മാവേലി സ്റ്റോറുകളിലെ നിത്യോപയോഗസാധനങ്ങളായ അരി , പഞ്ചസാര, പലവ്യഞ്ജനങ്ങൾ എന്നിവ ഇ-ടെണ്ടർ വഴിയാണ് വാങ്ങി വരുന്നത്. ഓരോ താലൂക്ക് ഡിപ്പോയിൽ നിന്നും നൽകുന്ന ഇൻഡന്റ് പ്രകാരം ആവശ്യമായ ഇനങ്ങൾ ഗുണനിലവാരം ഉറപ്പുവരുത്തി ഇ-ടെണ്ടർ സംവിധാനത്തിലൂടെ വാങ്ങി സപ്ലൈകോയുടെ എല്ലാ ചില്ലറ വിൽപ്പനശാലകളിലും എത്തിക്കുന്നുണ്ട്. ഇപ്രകാരം എല്ലാ വിൽപ്പനശാലകളിലും ആവശ്യമായ സ്റ്റോക്ക് കുറഞ്ഞവിലയ്ക്ക് വിപണിയിൽ എത്തിച്ച് വില നിയന്ത്രണമെന്ന ലക്ഷ്യം സാധുകരിക്കുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ